"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഊർജ്ജ വകുപ്പ് - ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിലെ ഔദ്യോഗിക വാഹനത്തിന്റെ അടിയന്തിര അറ്റകുറ്റപ്പണികൾ മുൻകൂർ അനുമതി കൂടാതെ ചെയ്ത നടപടി സാധൂകരിച്ചുകൊണ്ടും ആയതിലേക്കായി തുക ചെലവഴിക്കുന്നതിന് അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഊർജ്ജ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.116/2024/POWER തീയതി,തിരുവനന്തപുരം, 10-07-2024

---

പരാമർശം:- 1. സ.ഉ.(അ) നം.102/2017/ധന. തീയതി: 07.08.2017.

2. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 14.05.2024, 31.05.2024 തീയതികളിലെ സി.ഇ.ഐ/11383/2024-എ4 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം മീറ്റർ ടെസ്റ്റിംഗ് ആന്റ് സ്റ്റാൻഡേർഡ്സ് ലബോറട്ടറി നൽകി വരുന്ന മൊബൈൽ ടെസ്റ്റിംഗ് സേവനത്തിന് ഉപയോഗിക്കുന്ന വാഹനം KL 01 BX - 2557 (Tempo Traveller Mini Bus) പ്രവർത്തന രഹിതമായതിനെ തുടർന്ന് ആയത് പരിഹരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽ നിന്നും 53572/- രൂപയുടെ ഇക്കണോമി സർട്ടിഫിക്കറ്റും എസ്സെൻഷ്യാലിറ്റി സർട്ടിഫിക്കറ്റും ലഭിച്ചിരുന്നു. മൊബൈൽ ടെസ്റ്റിംഗ് സേവനം തടസ്സം കൂടാതെ നൽകുന്നത് കണക്കിലെടുത്ത് വാഹനത്തിന്റെ 36297/- രൂപയുടെ അടിയന്തിര അറ്റകുറ്റപ്പണികൾ വഞ്ചിനാട് മോട്ടോഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ ചെയ്യുകയുണ്ടായി. അടിയന്തര സാഹചര്യം കണക്കിലെടുത്ത് മുൻകൂർ അനുമതി കൂടാതെ വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ ചെയ്ത നടപടി സാധൂകരിക്കണമെന്നും സ്ഥാപനത്തിന് നൽകിയ ബിൽ തുകയായ 36297/- (മുപ്പത്തിയാറായിരത്തി ഇരുന്നൂറ്റി

തൊണ്ണൂറ്റി ഏഴ് രൂപ മാത്രം) മാറിയെടുക്കുന്നതിനുള്ള ഭരണാനുമതി നൽകണമെന്നും ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ പരാമർശം 2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം മീറ്റർ ടെസ്റ്റിംഗ് ആന്റ് സ്റ്റാൻഡേർഡ്സ് ലബോറട്ടറി നൽകി വരുന്ന മൊബൈൽ ടെസ്റ്റിംഗ് സേവനത്തിന് ഉപയോഗിക്കുന്ന വാഹനം KL 01 BX - 2557 (Tempo Traveller Mini Bus) പ്രവർത്തന രഹിതമായതിനെ തുടർന്ന് മൊബൈൽ ടെസ്റ്റിംഗ് സേവനം തടസ്സം കൂടാതെ നൽകുന്നത് കണക്കിലെടുത്ത് മുൻകൂർ അനുമതി കൂടാതെ വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ ചെയ്ത ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ നടപടി സാധൂകരിച്ചുകൊണ്ടും ബിൽ തുകയായ 36297/- (മുപ്പത്തിയാറായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റി ഏഴ് രൂപ മാത്രം) "2045-00-103-99-00-21-02-NV" എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**PREETHY C S**

ജോയിന്റ് സെക്രട്ടറി

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക വകുപ്പ്.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Manoj S
Date: 11-07-2024 10:36:30

സെക്ഷൻ ഓഫീസർ